മംഗളം 16 October 2018

# സ്ത്രീശക്തി വിളിച്ചോതി മഹിളാ കർഷക ദിനാഘോഷം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച മഹിളാ കർഷക ദിനാഘോഷം ജീവിതാനുഭവം പങ്കുവയ്ക്കലിന്റെ വേദിയായി. മത്സ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ പ്രവർത്തിക്കുന്ന ഇരുപതോളം സ്ത്രീകൾ അനുഭവങ്ങൾ പങ്കുവച്ചു.

സി.എം.എഫ്.ആർ.ഐയിലെ സാങ്കേതിക വിജ്ഞാന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വിപിൻ കുമാറിന്റെ മേൽനോട്ടത്തിൽ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗവും വനിതാ സെല്ലും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

മത്സ്യബന്ധനം നടത്തുന്ന ഇന്ത്യയിലെ ഏക വനിതയായ തൃശൂർ ചേറ്റുവ സ്വദേശിയായ രേഖ കാർത്തികേയൻ ജീവിതാനുഭവം വെളിപ്പെടുത്തി.

പ്രളയത്തിൽ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും കൂടുമത്സ്യ കൃഷിയിൽ നിന്ന് പിന്നോട്ട് പോകില്ലെന്ന് പെരിയാറിൽ കൂടുമത്സ്യ കൃഷി യൂണിറ്റ് നടത്തുന്ന സ്മിജി ടി.എം. പറഞ്ഞു. മത്സ്യബന്ധനം, കൂടുമത്സ്യ കൃഷി, കക്കവർഗ കൃഷി, അലങ്കാരമത്സ്യ കൃഷി, ചീനവല, മത്സ്യവല നിർമാണം, കക്ക സംസ്കരണം, ഉണക്കമത്സ്യ നിർമാണം, അക്വാടൂറിസം, സമ്മിശ്ര കൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളാണ് അനുഭവങ്ങൾ പങ്കുവച്ചത്.

ഡോ. വി. കൃപ, ഡോ. ഷോജി ജോസഫ്, ഡോ. രമ മധു, ഡോ. എൻ. അശ്വതി എന്നിവർ പാനൽ ചർച്ചയ്ക്ക് നേതൃത്വം നൽകി. സ്ത്രീകളിലെ പൊതുവായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് അമൃത ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ സയൻസിലെ ഡോ. വിനീത മുരളി സംസാരിച്ചു. ഡോ. കെ.കെ. ജോഷി, ഡോ. സി. രാമചന്ദ്രൻ, ഡോ. വിപിൻ കുമാർ എന്നിവർ പ്രസംഗിച്ചു.

മഹിളാ കർഷകദിനത്തോടനുബന്ധിച്ച് ഫിഷറീസ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിനികൾക്കു നടത്തിയ ചിത്രരചന മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ വീണ കെ. വിനയ്, ജോഷ്ന സി. ജോസ് എന്നിവരും ഹയർസെക്കൻഡറി വിഭാഗത്തിൽ സൂസൻ സന്തോഷ്, ഷിബിന ബിനോയ് എന്നിവരും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. കടമക്കുടി ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികളാണ്.